**ഭരണഭാഷ-മാതൃഭാഷ**

WCD/D2-15958/20

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയ്തി : 23-01-2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിത ശിശു വികസന ഡയറക്ടർ.

എല്ലാ വനിത ശിശു വികസന ഓഫീസർമാർക്കും.

സർ,

വിഷയം: വനിത ശിശു വികസന വകുപ്പ് - KFON പദ്ധതി നടപ്പിലാക്കുന്നതിന് വകുപ്പിന്റെ കീഴ്ക്കാര്യാലയങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന : KFON പ്രോജക്റ്റിന്റെ 21-12-20ലെ G mail സന്ദേശം.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. KSEB, KSITIL എന്നിവയുമായി ചേർന്ന് കേരളത്തിലെ 20 ലക്ഷം കുടുംബങ്ങൾക്കും 30,000 സർക്കാർ സ്ഥാപനങ്ങൾക്കും വേഗതയാർന്നതും വിശ്വസനീയമായ രീതിയിലുള്ള ഇന്റർനെറ്റ് സൗകര്യം പ്രദാനം ചെയ്യുന്ന സംസ്ഥാന സർക്കാരിന്റെ നവീന പദ്ധതിയാണ് Kerala Fibre Optic Network (KFON) പദ്ധതി. ടി പദ്ധതി വനിത ശിശു വികസന വകുപ്പിലും വകുപ്പിന് കീഴിലുള്ള കാര്യാലയങ്ങളിലും നടപ്പാക്കുന്നതിന് വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളുടേയും വിശദാംശങ്ങളടങ്ങിയ ഒരു ലിസ്റ്റ് സർക്കാർ ശേഖരിച്ചിരുന്നു. എന്നാൽ ടി ലിസ്റ്റിൽ ഉൾപ്പെട്ട വകുപ്പിലെ കീഴ്ക്കാര്യലങ്ങളിലെ ഓഫീസ് പേരുകൾ, മേൽ വിലാസങ്ങൾ, ബന്ധപ്പെടാനുള്ള ടെലിഫോൺ നമ്പരുകൾ എന്നിവയിൽ ഏതെങ്കിലും തെറ്റുകൾ ഉണ്ടെങ്കിൽ അത് ഒഴിവാക്കി പിഴവില്ലാത്ത ഒരു പുതിയ ലിസ്റ്റ് സർക്കാരിന് സമർപ്പിക്കുവാൻ സൂചന പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ അങ്കണവാടികൾ ഉൾപ്പെടെയുള്ള പ്രോഗ്രാം ഓഫീസ്, വിമൺ പ്രൊട്ടക്ഷൻ ഓഫീസ്, ശിശു വികസന പദ്ധതി ഓഫീസ് എന്നീ ഓഫീസുകളുടെ വിശദാംശങ്ങൾ ഉൾപ്പെട്ട ലിസ്റ്റ് പ്രോഗ്രാം ഓഫീസുകൾ മുഖേന ശേഖരിക്കേണ്ടതും ജില്ലാ വനിത ശിശു വികസന

ഓഫീസുകൾ മുഖേന ടി ലിസ്റ്റുകൾ പരിശോധിച്ച് പിഴവുകൾ ഇല്ലായെന്ന് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തലുകൾ നടത്തി ടി കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. Excel ഫോർമാറ്റിൽ തയ്യാറാക്കിയ ലിസ്റ്റുകൾ wcddsection@gmail.com എന്ന mail idയിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി.

പകർപ്പ്:

1) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
2) എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും.
3) എല്ലാ വനിതാ സംരക്ഷണ ഓഫീസർമാർക്കും.
4) ശേഖര സഞ്ചയം/സ്പെയർ

ജികെ/